## കേരള സർക്കാർ

### സംഗ്രഹം

ധനകാര്യ വകുപ്പ്- നെട്ടുകാൽത്തേരി തുറന്ന ജയിലിലേയ്ക്കായി ദേശസാൽകൃത ബാങ്കിൽ ഇഗ്നോ സ്റ്റഡി സെന്ററിന്റെ പേരിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

**സ.ഉ. (സാധാ) നം.5923/2018/ധന.** തിരുവനന്തപുരം, തീയതി **11/07/2018**

---

പരാമർശം:- 1. 08/02/2018 തീയതിയിലെ ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ് അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരം(ബി) വകുപ്പിലേക്കയച്ച A3-1655/2018/PrHQ നമ്പർ കത്ത്.

2. ഭരണ വകുപ്പ് ഫയൽ നം.Home-B3/103/2018-Home Computer No.795163.

### ഉത്തരവ്

നെട്ടുകാൽത്തേരി തുറന്ന ജയിലിൽ ഇന്ദിരാ ഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സ്റ്റഡി സെന്ററിന്റെ കോ-ഓർഡിനേറ്ററായി അന്തേവാസികളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ചുമതല വെൽഫെയർ ഓഫീസർക്ക് നൽകിയതായും, ഇഗ്നോ സ്റ്റഡി സെന്ററിന് സാമ്പത്തിക ഇടപാടുകൾ സുഗമമായി നടത്തുന്നതിന് കാട്ടാക്കട കാനറാ ബാങ്കിൽ ടി സെന്ററിന്റെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുവാദം നൽകണമെന്ന് ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ് പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, നെട്ടുകാൽത്തേരി തുറന്ന ജയിലിന്റെ മേൽ ആവശ്യത്തിലേയ്ക്കായി ഇഗ്നോ സ്റ്റഡി സെന്ററിന്റെ പേരിൽ ദേശസാൽകൃത ബാങ്കിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന്, സർക്കാർ ഫണ്ട് സംബന്ധിച്ച ഇടപാടുകൾ ഈ അക്കൗണ്ട് മുഖേന നടത്തുവാൻ പാടുള്ളതല്ല എന്ന നിബന്ധനയോടെ, അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്, ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
ആഭ്യന്തരം (ബി) വകുപ്പ് (e-file No: Home-B3/103/2018-Home Computer No.795163 പ്രകാരം)
ധനകാര്യ (വ്യയം-എ) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ